കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്

2016-2017

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി8-748/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല
തീയതി : 19.06.2017
ഫോൺ : 0477 2252753
ഇ-മെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്- 2016 - 17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി8-748/17 തീയതി. 19.06.2017

## ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്തിന്റെ

# 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.01.2017 മുതൽ 31.05.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | സി.വൈ.സലിം,<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 05.06.2017 മുതൽ 16.06.2017 വരെ | ശ്രീ.വിജയകുമാർ.എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. രാജശ്രീ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. രാജിമോൾ.പി.സി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി. എം.ഷീജ | 01.04.2016മുതൽ 31.03.2017 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. പി.ജി.പ്രകാശൻ | 01.04.2016മുതൽ 22.12.2016 വരെ |
| 2 | ശ്രീ. കെ.എൻ. വിമൽകുമാർ | 23.12.2016 മുതൽ 31.03.2017 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.കെ.ഉണ്ണികൃഷ്ണൻ | 01.04.2016 മുതൽ 31.03.2017 വരെ |
| 2 | വികസനകാര്യം | ശ്രീമതി.സുലഭ ഷാജി | 01.04.2016 മുതൽ 31.03.2017 വരെ |

| | | | |
|---|---|---|---|
| 3 | ക്ഷേമകാര്യം | ശ്രീ.ആർ.രജിമോൻ | 01.04.2016 മുതൽ 31.03.2017 വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീമതി.കെ.കെ.ലത | 01.04.2016 മുതൽ 31.03.2017 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.ആഭാരാജ് | 01.04.2016 മുതൽ 31.03.2017 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.പുഷ്പലത<br>ഡോ.എം.എൽ.ലീന | 01.04.2016 മുതൽ 30.09.2016 വരെ<br>01.10.2016 മുതൽ 31.03.2017 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ലത.കെ.എ<br>ശ്രീമതി.തനൂജ<br>ശ്രീമതി. നജില നബിസത്ത് | 01.04.2016 മുതൽ 30.11.2016 വരെ<br>01.12.2016 മുതൽ 31.01.2017 വരെ<br>01.02.2017 മുതൽ 31.03.2017 വരെ |
| 5 | വി.ഇ.ഒ I<br>വി.ഇ.ഒ II | ശ്രീമതി.സറീന.പി.എസ്<br>ശ്രീമതി.ജയശ്രീ.കെ.വി | 01.04.2016 മുതൽ 31.03.2017 വരെ<br>01.04.2016 മുതൽ 31.03.2017 വരെ |
| 6 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ബിന്ദു പ്രിയ | 01.04.2016 മുതൽ 31.03.2017 വരെ |
| 7 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.എസ്.ഷീബ | 01.04.2016 മുതൽ 31.03.2017 വരെ |
| 8 | എച്ച്.എം. എൽ.പി.എസ് | ശ്രീ.യു.ആദംകുട്ടി | 01.04.2016 മുതൽ 31.03.2017 വരെ |
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സിനി.എസ്. നായർ | 01.04.2016 മുതൽ 31.03.2017 വരെ |
| 10 | അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.വിഷ്ണു.എസ്<br>ശ്രീമതി.ഷൈന ഹാഷിം | 01.04.2016 മുതൽ 25.10.2016 വരെ<br>26.10.2016 മുതൽ 31.03.2017 വരെ |
| 11 | ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ | ശ്രീ.വി.പ്രശാന്തൻ | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| *ഭാഗം – 1* | | |
| 1 | 1-1 മുതൽ 1-11 വരെ | പൊതു അവലോകനം |
| *ഭാഗം – 2* | | |
| 2 | 2-1 | വസ്തു നികുതി നിർണ്ണയത്തിൽ ഗുരുതരമായ അനാസ്ഥ |
| 3 | 2-2 | തൊഴിൽ നികുതി യഥാസമയം ഡിമാന്റ് ചെയ്യുന്നില്ല. |
| 4 | 2-3 | വാടക |
| 5 | 2-4 | തനത് ഫണ്ട് - മൂന്ന് ബാങ്ക് അക്കൗണ്ടുകൾ ഒരേസമയം നിലനിർത്തിയിരിക്കുന്നു |
| *ഭാഗം – 3* | | |

| | | |
|---|---|---|
| 6 | 3-1 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 7 | 3-2 | മരുന്ന് വാങ്ങൽ പദ്ധതി --മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. നിർവഹണം-മെഡിക്കൽ ഓഫീസർ,ആയുർവേദം |
| 8 | 3-3 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്ന് ലഭ്യമായിട്ടില്ല. |
| 9 | 3-4 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ വിതരണം-രേഖകൾ ഹാജരാക്കിയില്ല. |
| 10 | 3-5 | തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് ഡിജിറ്റൽ സാമ്പത്തിക സാക്ഷരതയിൽ പരിശീലനം--തുക അടച്ചെങ്കിലും പരിശീലനം നടന്നിട്ടില്ല. |
| 11 | 3-6 | തൊഴിലുറപ്പ് പദ്ധതി--മെറ്റീരിയൽ വർക്ക് –ആദായ നികുതി ഈടാക്കിയിട്ടില്ല. |
| 12 | 3-7 | ബയോഗ്യാസ് പദ്ധതി-ശുചിത്വമിഷൻ ഫണ്ട് ലഭ്യമായിട്ടില്ല. |
| 13 | 3-8 | ഒ.ഡി.എഫ്. പദ്ധതി-വികസനഫണ്ട് 3,53,760/- രൂപ ക്രമീകരിക്കാൻ ശേഷിക്കുന്നു. |
| 14 | 3-9 | വാട്ടർചാർജ് കുടിശ്ശിക അടവാക്കൽ-- തദ്ദേശ സ്ഥാപനത്തിന് വൻ ബാധ്യത –പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ പിന്നിലാക്കുന്നു |
| 15 | 3-10 | മൃഗാശുപത്രിയുടെ വാടക – രേഖകൾ ഹാജരാക്കിയിട്ടില്ല |
| 16 | 3-11 | ആശ്രയ പദ്ധതി -ലക്ഷ്യം കാണുന്നില്ല. |
| 17 | 3-12 | ഇ.എം.എസ് ഭവനപദ്ധതി--- ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം വി.ഇ.ഒ യുടെ അക്കൗണ്ടിൽ ശേഷിക്കുന്നു. |
| 18 | 3-13 | പൂരകപോഷകാഹാര പദ്ധതി--കേന്ദ്രവിഹിതം 5.29 ലക്ഷം തനത്ഫണ്ടിൽ ശേഷിക്കുന്നു. |
| 19 | 3-14 | പണമിടപാടുകൾ നടത്താതെ ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രിയമായി തുടരുന്നു |
| 20 | 3-15 | ഓഡിറ്റ് ഇംപാക്ട് |
| *ഭാഗം – 4* | | |
| 21 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 22 | | അനുബന്ധം – ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 2.03.16 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 128281000 | 131781505 |
| വാർഷിക കണക്ക് പ്രകാരം | 52116106 | 44120416 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 30.05.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോടുകൂടിയ (ക്വാളിഫൈഡ്) സർട്ടിഫിക്കറ്റ് നൽകുന്നു.

(വിശദ വിവരം ഖണ്ഡിക- 4-1 കാണുക)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13696335 |
| വരവ് | 52116106 |
| ആകെ | 65812441 |
| ചെലവ് | 44120416 |
| നീക്കിയിരിപ്പ് | 21692025 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 14478296 | 13381031 | 92.42% |
| വികസനഫണ്ട് എസ്.സി.പി. | 1706892 | 1706892 | 100% |
| വികസനഫണ്ട് ടി.എസ്.പി. | 170325 | 110399 | 64.81% |
| സംരക്ഷണഗ്രാന്റ് റോഡ് | 3834333 | 1266033 | 33.01% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3880584 | 3880584 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8119866 | 5688153 | 70.05% |
| ലോക ബാങ്ക് സഹായം | 4327783 | 1373858 | 31.74% |
| ബി ഫണ്ട് | 32690445 | 32690445 | 100% |
| എം.എൻ.ആർ.ഇ.ജി.എസ് | 55618813 | 55617274 | 99.99% |

| | | | |
|---|---|---|---|
| | (മുന്നിരിപ്പ് ഇല്ല) | | (നീക്കിയിരുപ്പ് 1539/- രൂപ) |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 105 | 47607393 | 68 | 29002570 | 7 | 30 | 64.76 |

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 58.57%ശതമാനം വർദ്ധന ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3390898 | 5780055 | 2389157 | 70.45 |
| നികുതിയേതര വരവുകൾ | 654153 | 678842 | 24689 | 3.77 |
| മറ്റ് വരവുകൾ | 55839 | 43892 | (-)11947 | (-)21.39 |
| ആകെ | 4100890 | 6502789 | 2401899 | 58.57 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 994920 | 512 |
| കർഷകതൊഴിലാളി പെൻഷൻ | 6205110 | 631 |
| വിധവാപെൻഷൻ | 6926550 | 629 |
| വാർദ്ധക്യകാലപെൻഷൻ | 14692745 | 885 |
| വികലാംഗപെൻഷൻ | 3004655 | 283 |
| വിവാഹധനസഹായം | 90000 | 3 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 693590 | 66 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6.06.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1628/- രൂപ ക്യാഷ് ബാലൻസിന്റെ /നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. എന്നാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് അപാകതകളുള്ളതായി കാണുന്നു. . പ്രധാന തനതു വരുമാനമായ കെട്ടിട നികുതി സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ , അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല (സഞ്ചയ സോഫ്റ്റ് വെയറും കൃത്യമായ രീതിയിൽ തയ്യാറാക്കിയിട്ടില്ല). തെരുവ് വിളക്കുകൾ, പൊതു ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.5.2017 | 04/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6.8.2016 മുതൽ 22.8.2016 വരെ | 2011-12 മുതൽ 2015-16 വരെ | 21.9.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയത്തിൽ ഗുരുതരമായ അനാസ്ഥ

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 203, 2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം ഏതൊരു ഗ്രാമ പഞ്ചായത്തും അതാത് പ്രദേശത്തുള്ളതും ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഓരോ കെട്ടിടത്തിനും ആക്ടിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും അനുസൃതമായി വസ്തു നികുതി ചുമത്തേണ്ടതാണ്. ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോ ഇനം കെട്ടിടങ്ങൾക്കും സർക്കാർ നിശ്ചയിച്ച അടിസ്ഥാന നികുതി നിരക്കുകളുടെ പരിധിക്ക് വിധേയമായി ഒരു ചതുരശ്ര മീറ്ററിന് ഈടാക്കേണ്ട നികുതി, പഞ്ചായത്തിന് പ്രമേയം മൂലം നിശ്ചയിക്കാവുന്നതാണ്. ഇപ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ പ്രകാരമാണ് ഒരു കെട്ടിടത്തിന്റെ അടിസ്ഥാന

വസ്തു നികുതി നിശ്ചയിക്കുന്നത്.

പുന്നപ്ര തെക്ക് പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപനം 01.04.2013 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. എന്നാൽ നികുതി പിരിവുമായി ബന്ധപ്പെട്ട് നിരവധി അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി ഉപയോഗക്രമത്തിനനുസരിച്ച് കെട്ടിടത്തിന്റെ നികുതി കണക്കാക്കിയില്ല, തറ വിസ്തീർണ്ണം കണക്കാക്കിയതിൽ കുറവ്, ഓഡിറ്റോറിയങ്ങൾ ഉൾപ്പെടെ ചില കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിട്ടില്ല തുടങ്ങിയവ. ഇതു മൂലം പഞ്ചായത്തിനു ലഭിക്കുമായിരുന്ന വരുമാനത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

1. <u>വസ്തുനികുതി -കെട്ടിടത്തിന്റെ ഉപയോഗക്രമം അനുസരിച്ച് നികുതി നിർണ്ണയിക്കാത്തതു മൂലം വരുമാന നഷ്ടം</u>

A) കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഓരോ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്കും ഒരു ചതുരശ്ര മീറ്ററിന് ഈടാക്കേണ്ട നികുതി, സർക്കാർ വിജ്ഞാപനത്തിലൂടെ പുറപ്പെടുവിച്ച നികുതി നിരക്കിന്റെ പരിധിക്ക് വിധേയമായി പഞ്ചായത്ത് കമ്മിറ്റിക്ക് നിശ്ചയിക്കാവുന്നതാണ്. ഇപ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ പ്രകാരമാണ് ഒരു കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി നിശ്ചയിക്കുന്നത്. പുന്നപ്ര തെക്ക് പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം 200 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പിങ് കോംപ്ലക്സുകളിൽ 1 ചതുരശ്ര മീറ്ററിന് 90/- രൂപ നിരക്കിലാണ് നികുതി നിശ്ചയിക്കേണ്ടത്. പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന സെന്റ് ഗ്രിഗോറിയസ് ചർച്ച് വികാരിയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിങ് കോംപ്ലക്സിൽ 2016-17 സാമ്പത്തിക വർഷം പണി പൂർത്തിയാക്കി കെട്ടിട നമ്പർ നല്കിയിട്ടുള്ള 13 കടമുറികളാണ് ഉള്ളത് (കെട്ടിട നമ്പർ II/526B മുതൽ II/526N വരെ). ഇവയുടെ അടിസ്ഥാന വസ്തു നികുതി 1 ചതുരശ്ര മീറ്ററിന് 60/-രൂപ നിരക്കിലാണ് നിർണ്ണയിച്ചിരിക്കുന്നത്. കൂടാതെ 5 മീറ്ററോ അതിലധികമോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതാണെങ്കിലും ദേശീയ പാതയ്ക്കരികിൽ സ്ഥിതി ചെയ്യുന്ന ഈ കെട്ടിടത്തിന് വർദ്ധന വരുത്തിയിട്ടില്ല. ആയതിനാൽ ഈടാക്കി വരുന്ന നികുതിയിൽ വലിയ കുറവാണുണ്ടായിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ തറവിസ്തീർണ്ണം (ച.മീറ്ററിൽ) | അടിസ്ഥാന വസ്തു നികുതി | റോഡിന് വർദ്ധന 20% | ഈടാക്കേണ്ട നികുതി (ച.മീ.ന് 90/- രൂപ നിരക്കിൽ) | ഈടാക്കിയ നികുതി (ച.മീ.ന് 60/- രൂപ നിരക്കിൽ) | വ്യത്യാസം |
|---|---|---|---|---|---|
| 362.01 ച.മീ | 32581/- (362.01x90= 32581) | 6516/- (32581x20%= 6516) | 41052/- (32581+6516+1955= 41052) (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 22807/- (362.01x60+1086 (5%ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 18245/- |

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് 2016-17 മുതൽ പ്രാബല്യത്തിൽ നികുതി റീ അസസ്സ് ചെയ്ത് ഉടമയ്ക്ക് ഡിമാന്റ് നോട്ടീസ് നല്കിയതിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

B) ശ്രീ അഹമ്മദ് അസീസ് കുട്ടി, കോമനവെളിയിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള പാർപ്പിട ആവശ്യത്തിനുള്ള II/501E നം കെട്ടിടത്തിൻെറ അംഗീകൃത പ്ലാൻ പ്രകാരം 8 മീറ്റർ വീതിയുള്ള റോഡിൽ നിന്നുമാണ് പ്രവേശനമാർഗ്ഗം എന്നിരിക്കെ, 5 മീറ്ററോ അതിലധികമോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് ഈടാക്കാവുന്ന 20% വർദ്ധനവ് വരുത്തിയിട്ടില്ല.

| കെട്ടിടത്തിന്റെ തറവിസ്തീർണ്ണം (ച.മീറ്ററിൽ) | അടിസ്ഥാന വസ്തു നികുതി | റോഡിന് വർദ്ധന 20% | ഈടാക്കേണ്ട നികുതി (ച.മീ.ന് 7/- രൂപ നിരക്കിൽ) | ഈടാക്കിയ നികുതി | വ്യത്യാസം |
|---|---|---|---|---|---|
| 168.03 ച.മീ | 1176/- (168.03x7= 1176) | 235/- (1176x20%= 235) | 1482/- (1176+235+71=1482) (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1235/- (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 247/- (2015-16 മുതൽ പ്രാബല്യം) |

ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 2015-16 മുതൽ മുൻകാല പ്രാബല്യത്തിൽ ഈ കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിക്കുകയും ആയത് ഡിമാന്റ് ചെയ്തതിന്റെ രേഖകൾ നൽകുകയും ചെയ്തിട്ടുണ്ട്.

ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും മേൽ തുകകൾ പലിശ സഹിതം ഈടാക്കി രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2. വസ്തുനികുതി- കെട്ടിടത്തിന്റെ ഏരിയ കണക്കാക്കിയതിലെ പിഴവ് മൂലം - നികുതി വരവിൽ ഗണ്യമായ കുറവ്

പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതിചെയ്യുന്ന സെന്റ് ഗ്രിഗോറിയസ് ചർച്ച് വികാരിയുടെ ഉടമസ്ഥതയിലുള്ള II/531 നമ്പർ കെട്ടിടം ലേഡീസ് ഹോസ്റ്റലായാണ് ഉപയോഗിച്ചുവരുന്നത്. അസസ്സ്മെന്റ് രജിസ്റ്ററിൽ ഈ കെട്ടിടത്തിന്റെ വിസ്തീർണ്ണം 818.28ചതുരശ്ര മീറ്റർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതു പ്രകാരം 2013-14 മുതൽ നികുതി നിർണ്ണയിച്ച് ഈടാക്കിവരുന്നു. എന്നാൽ ഈ ഹോസ്റ്റൽ കെട്ടിടത്തിന്റെ യഥാർത്ഥ തറ വിസ്തീർണ്ണം 1433.8 ചതുരശ്ര മീറ്ററാണ്. ഹോസ്റ്റൽ നിൽക്കുന്ന കോമ്പൌണ്ടിലെ മറ്റൊരു കെട്ടിടത്തിന്റെ നികുതി അസസ് ചെയ്യുന്നതിനായി സമർപ്പിച്ച പ്ലാനിൽ ഹോസ്റ്റലിന്റെ തറ വിസ്തീർണ്ണം 1433.8$m^2$ എന്നാണ് കാണിച്ചിരിക്കുന്നത്. പ്രസ്തുത കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചപ്പോൾ തറ വിസ്തീർണ്ണത്തിൽ 615.52 ചതുരശ്ര മീറ്ററിന്റെ കുറവ് വന്നിട്ടുണ്ട്. കൂടാതെ ശ്രീ. അശോകൻ, വിലാസ് കോട്ടേജ് എന്നയാളുടെ 166.7ച.മീറ്റർ തറവിസ്തീർണ്ണമുള്ള പാർപ്പിട ആവശ്യത്തിനുള്ള IX/20A നം. കെട്ടിടത്തിന്റെ വിസ്തീർണ്ണം 155.88 എന്ന് കണക്കാക്കി തെറ്റായി നികുതി നിർണ്ണയിച്ച് 2016-17 മുതൽ ഈടാക്കി വരുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം/ കെട്ടിട നം | ഉടമയുടെ പേരും അഡ്രസ്സും | അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം തറ വിസ്തീർണ്ണം (ച.മീറ്ററിൽ) | കെട്ടിടത്തിന്റെ യഥാർത്ഥ തറവിസ്തീർണ്ണം (ച.മീറ്ററിൽ) | അടിസ്ഥാന വസ്തു നികുതി | ഈടാക്കി വരുന്ന വാർഷിക നികുതി | ഈടാക്കേണ്ടിയിരുന്ന വാർഷിക നികുതി | വ്യത്യാസം |
|---|---|---|---|---|---|---|---|
| II/531 | വികാരി, സെന്റ് ഗ്രിഗോറിയസ് ചർച്ച് , പുന്നപ്ര | 818.28 | 1433.8 | 57352/- (@40/എം$^2$) | 34369/- (5% LC ഉൾപ്പെടെ ) | 60220/- (5% LC ഉൾപ്പെടെ ) | 25851/- (2013-14 മുതൽ പ്രാബല്യം) |
| IX/20A | അശോകൻ, വിലാസ് കോട്ടേജ്, പുന്നപ്ര | 155.88 | 166.7 | 1167 | 1147/-(5% LC ഉൾപ്പെടെ ) | 1225/- (5% LC ഉൾപ്പെടെ ) | 78/- |

| | |
|---|---|
| ആകെ വ്യത്യാസം | 25929/- |

സെന്റ് ഗ്രിഗോറിയസ് ചർച്ച് വികാരിയുടെ ഉടമസ്ഥതയിലുള്ള ഹോസ്റ്റൽ കെട്ടിടത്തിൻെറ വസ്തുനികുതി 2013-14 സാമ്പത്തിക വർഷം മുതൽ മുൻകാല പ്രാബല്യത്തോടെ പലിശ സഹിതം ഈടാക്കേണ്ടതും, ശ്രീ. അശോകൻ, വിലാസ് കോട്ടേജ് എന്നയാളുടെ കെട്ടിട നികുതി 2016-17 സാമ്പത്തിക വർഷം മുതൽ ഈടാക്കേണ്ടതുമാണ്.

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ലഭ്യമാക്കിയ മറുപടിയിൽ, ഈ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് ബന്ധപ്പെട്ട വ്യക്തികൾക്ക് ഡിമാൻറ് നോട്ടീസ് നല്കിയിട്ടുള്ളതായി അറിയിക്കുകയും അവയുടെ പകർപ്പുകൾ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. പലിശ ഉൾപ്പെടെ തുക ഈടാക്കി രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

3. <u>വസ്തുനികുതി -ഹോസ്റ്റൽ കെട്ടിടത്തിന്റെ നികുതി അസസ്സ് ചെയ്തിട്ടില്ല</u>

പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതിചെയ്യുന്ന കാർമ്മൽ പോളിടെക്നിക് സുപ്പിരിയറിന്റെ ഉടമസ്ഥതയിലുള്ള 465.8ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള II/561 നമ്പർ കെട്ടിടം ഹോസ്റ്റലായാണ് ഉപയോഗിച്ചുവരുന്നത്. എന്നാൽ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഈ കെട്ടിടത്തിന്റെ നികുതി അസസ്സ് ചെയ്തിട്ടുള്ളതായി കണ്ടില്ല. വിശദീകരണം ആവശ്യപ്പെട്ടതു പ്രകാരം ടി കെട്ടിടത്തിന്റെ നികുതി 2013-14 മുതൽ മുൻകാല പ്രാബല്യത്തിൽ അസസ്സ് ചെയ്ത് ഡിമാന്റ് നോട്ടീസ് നല്കിയിട്ടുണ്ട്. കെട്ടിട നികുതി അസസ്സ്മെന്റ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തറ വിസ്തീർണ്ണം = 465.8 ച. മീ

അടിസ്ഥാന വസ്തു നികുതി = 465.8x40=18632/-

ഇളവ് 10% (10 മുതൽ 25 വർഷം വരെ പഴക്കം) = (-)1863/-

വർദ്ധന 20% (5 മീറ്ററിലധികം വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം) = 3726/-

വാർഷിക നികുതി = 20495+1025(ലൈബ്രറി സെസ്സ്) = 21520/-

പഞ്ചായത്തിൽ നിന്നും നോട്ടീസ് ലഭിച്ചതിനെ തുടർന്ന് ബന്ധപ്പെട്ട വ്യക്തി 2013-14, 2014-15 വർഷങ്ങളിലെ കെട്ടിട നികുതിയും പലിശയും ഉൾപ്പെടെ 60950/-രൂപ 13.06.2017 ൽ രസീത് നം. 117010100541 പ്രകാരം ഒടുക്കി. ശേഷിക്കുന്ന തുക (2016-17 വരെയുള്ളത്) പലിശ സഹിതം ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. തൻവർഷത്തെ നഷ്ടം മാത്രം (21520/- രൂപ) ഖണ്ഡിക 4-9 ബി-യിൽ ഉൾപ്പെടുത്തുന്നു.

4. <u>ഓഡിറ്റോറിയങ്ങളുടെ വസ്തു നികുതി ഈടാക്കുന്നില്ല.</u>

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ നിലവിൽ 6 ഓഡിറ്റോറിയങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഒരു ഓഡിറ്റോറിയത്തിന് മാത്രമേ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കി വരുന്നുള്ളൂ. ആരാധനാലയങ്ങളോട് ചേർന്ന് സ്ഥിതി ചെയ്യുന്ന മറ്റ് 5 ഓഡിറ്റോറിയങ്ങൾക്കും നികുതി അസസ്സ് ചെയ്യുകയോ ഡിമാന്റ് ചെയ്യുകയോ ചയ്തിട്ടില്ല. ഇവയിൽ അറവുകാട് ക്ഷേത്രത്തിനോട് അനുബന്ധിച്ച് 507 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണമുള്ള സദ്യാലയത്തിന് കെട്ടിട നമ്പർ നല്കിയിട്ടുണ്ടെങ്കിലും വസ്തു നികുതി നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ നികുതിയില്ലാതെ പ്രവർത്തിച്ചു വരുന്നു. സെന്റ് ഗ്രിഗോറിയസ് ചർച്ച്, സെന്റ് ജോസഫ് ചർച്ച്, സെന്റ് ജോൺ മരിയ വിയാനി ചർച്ച്, ഷറഫുൾ ഇസ്ലാം സംഘം എന്നിവയുടെ ഉടമസ്ഥതയിലുള്ള മറ്റ് 4 ഓഡിറ്റോറിയങ്ങൾ കെട്ടിട നമ്പർ പോലും ഇല്ലാതെയാണ് വർഷങ്ങളായി പ്രവർത്തിക്കുന്നത്.

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകുകയും അതിനുള്ള മറുപടിയിൽ പ്രസ്തുത കെട്ടിടങ്ങൾ അടിയന്തിരമായി അസസ്സ് ചെയ്ത് വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിട നമ്പർ ഇല്ലാതെ പ്രവർത്തിക്കുന്ന 4 ഓഡിറ്റോറിയങ്ങൾക്കും നമ്പർ നൽകി വസ്തുനികുതി നിർണ്ണയിക്കുന്നതിനായി, ആവശ്യമായ രേഖകൾ സഹിതം 10 ദിവസത്തിനകം ഹാജരാക്കുവാനാവശ്യപ്പെട്ടുള്ള കത്തിന്റെ പകർപ്പ് നൽകിയിട്ടുണ്ട്. കൂടാതെ അറവുകാട് ക്ഷേത്രത്തോട് ചേർന്നുള്ള 3/342 നം. കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സദ്യാലയത്തിന്റെ നികുതി പ്രതിവർഷം 21294/-

(ലൈബ്രറി സെസ്സ് ഉൾപ്പെടെ) രൂപയായി നിർണ്ണയിച്ച് 2013-14 മുതൽ മുൻകാല പ്രാബല്യത്തിൽ ഒടുക്കുവാൻ ആവശ്യപ്പെട്ട് ക്ഷേത്രം സെക്രട്ടറിക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്.

മേൽപ്പറഞ്ഞ 5 ഓഡിറ്റോറിയങ്ങളുടെയും ഉടമകളിൽ നിന്നും മുൻകാല പ്രാബല്യത്തോടെ പലിശ സഹിതം നികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി യഥാസമയം ഡിമാന്റ് ചെയ്യുന്നില്ല.

പഞ്ചായത്ത് ഓഫീസിന് സമീപമായി പ്രവർത്തിക്കുന്ന മാർ ഗ്രിഗോറിയസ് കോളേജിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് പഞ്ചായത്ത് അധികൃതർ സ്ഥാപനവുമായി ബന്ധപ്പെടുകയും സ്ഥാപനം 2016 നവംബർ മാസം മുതൽ പ്രവർത്തനം ആരംഭിച്ചതായി അറിയിച്ചതിന്റെയടിസ്ഥാനത്തിൽ ജീവനക്കാരുടെ ഒരു അർദ്ധവർഷത്തെ തൊഴിൽ നികുതിയായ 8400/-രൂപ 15.06.2017 ന് 117010100564 നം. രസീതു പ്രകാരം ഈടാക്കുകയും ചെയ്തു.

പഞ്ചായത്ത് പരിധിയിൽ പുതുതായി പ്രവർത്തനം ആരംഭിക്കുന്ന എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കേണ്ടതും സ്ഥാപനത്തിലെ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

## 2-3 വാടക

പഞ്ചായത്ത് ഓഫീസിന് സമീപം സ്ഥിതി ചെയ്യുന്ന പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംങ് കോംപ്ലക്സും മാർക്കറ്റും നവീകരണ പ്രവർത്തനങ്ങൾ നടത്താതെ ജീർണ്ണിച്ച അവസ്ഥയിലാണുള്ളത്. കെട്ടിടത്തിന്റെ പല ഭാഗങ്ങളിലും ഭിത്തികൾ തകർന്നും കേടുപാടുകൾ മൂലം സ്റ്റാളുകളും മറ്റും ചപ്പു ചവറുകൾ നിറഞ്ഞ അവസ്ഥയിലുമാണ് ഉള്ളത്. കെട്ടിടത്തിന്റെ കാലപ്പഴക്കം പരിഗണിച്ച് ഒഴിവുള്ള കടമുറികൾ ലേലം ചെയ്യേണ്ടതില്ലെന്ന് തീരുമാനിക്കുകയും, ഏതാനും വർഷങ്ങളായി കടമുറികളും സ്റ്റാളുകളും ലേലം ചെയ്യാതെ തന്നെ 5% നിരക്കിൽ വാടക വർദ്ധിപ്പിച്ച് അതേ വ്യക്തികൾക്കു തന്നെ തുടർന്നും നല്കിപ്പോരുന്നു. ഷോപ്പിങ് കോംപ്ലക്സിലെ IX/201-ാം നമ്പർ കടമുറി ശ്രീ. ബർലിൻ. പി. ജോസഫ് എന്നയാൾക്ക് പഞ്ചായത്തുമായുള്ള കരാർ പ്രകാരം പ്രതിമാസം 1000/- രൂപ നിരക്കിൽ, 2016 ജൂലൈ മുതൽ വാടകയ്ക്ക് നൽകിയിരുന്നു. എന്നാൽ 2016 ഡിസംബർ വരെയുള്ള വാടകയാണ് ടിയാൻ ഒടുക്കിയിട്ടുള്ളത്. ഷോപ്പിങ് കോംപ്ലക്സിന്റെ ജീർണ്ണാവസ്ഥയും വൃത്തിഹീനമായ ചുറ്റുപാടും മൂലം കടമുറി ടിയാന്റെ പേരിൽ നിന്നും ഒഴിവാക്കി കൊടുക്കണമെന്നും ശേഷിക്കുന്ന വാടക കുടിശ്ശിക (3000/-) മൂന്ന് ഗഡുക്കളായി ഒടുക്കാമെന്നുമുള്ള അപേക്ഷ 31.3.17 ന് സമർപ്പിക്കുകയും കടമുറി ഒഴിയുകയും ചെയ്തു. എന്നാൽ തൻവർഷത്തെ വാടക കുടിശ്ശികയായ 3000/-രൂപയും മുൻ റിപ്പോർട്ടിൽ സൂചിപ്പിച്ചു പ്രകാരമുള്ള കുടിശ്ശിക തുകയായ 18741/- രൂപയിൽ 03.6.17ൽ ഒടുക്കിയ 1000/- രൂപ കിഴിച്ച് ബാക്കി തുകയും ഉൾപ്പെടെ 20741/-രൂപ കുടിശ്ശിക അടയ്ക്കാൻ അവശേഷിക്കുന്നു. ഈ തുക പിഴ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തൻവർഷത്തെ നഷ്ടം മാത്രം (3000/- രൂപ) ഖണ്ഡിക 4-9 ബി- യിൽ ഉൾപ്പെടുത്തുന്നു.

കൂടാതെ ഷോപ്പിങ് കോംപ്ലക്സ്,മാർക്കറ്റ് എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ അടിയന്തിരമായി നടത്തി തനതു വരുമാനം വർദ്ധിപ്പിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 തനത് ഫണ്ട് - മൂന്ന് ബാങ്ക് അക്കൗണ്ടുകൾ ഒരേസമയം നിലനിർത്തിയിരിക്കുന്നു

ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിനു പുറമേ ദേശസാൽകൃത ബാങ്കിലോ, സഹകരണ ബാങ്കിലോ ഒരു അക്കൗണ്ട് മാത്രം ഉപയോഗിക്കുവാനാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്. (സർക്കുലർ 58725/എഫ്.എം.3/2008/തസ്വഭവ/26.5.2011) എന്നാലിവിടെ ട്രഷറി അക്കൗണ്ടിനു പുറമേ താഴെ പറയുന്ന മൂന്ന് ബാങ്ക് അക്കൗണ്ടുകളിലായി തനത് വരുമാനം നിക്ഷേപിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശ പ്രകാരമുള്ള നടപടികൾ പാലിച്ച് പ്രസ്തുത അപാകം പരിഹരിക്കേണ്ടതും ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നം. |
|---|---|---|

| | | |
|---|---|---|
| 1 | ഐ.ഒ.ബി, പുന്നപ്ര | 196701000005300 |
| 2 | എസ്.ബി.ടി, പുന്നപ്ര | 67376643866 |
| 3 | എ.ഡി.സി.ബി, പുന്നപ്ര | 1762 |

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഡെപ്പോസിറ്റ് പ്രവൃത്തികൾ- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പദ്ധതി | സ്ഥാപനം | തുക | ബിൽ നം./ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | 16 വാർഡുകളിൽ ഗതാഗത തടസ്സം നിൽക്കുന്ന 80 പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക | കെ.എസ്.ഇ.ബി, പുന്നപ്ര | 3,20,000/- (150402/-, 169598/-) | 32/17/31.3.17, 33/17/31.3.17 | വിനിയോഗ വിവരം ലഭ്യമല്ല. |
| 2 | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ 17 വാർഡുകളിൽ | കെ.എസ്.ഇ.ബി, പുന്നപ്ര | 10,60,000/ [5,30,000/- (ജില്ലാ പഞ്ചായത്ത് വിഹിതം) 5,30,000/-] | ചെക്ക് നം. 1514562/31.3.17 26/16-17,31.3.17 | വിനിയോഗ വിവരം ലഭ്യമല്ല. |
| 3 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ – വാർഡ് 1,8,9,13 | വാട്ടർ അതോറിറ്റി, ആലപ്പുഴ | 7,25,000/- [4,78,204/- 2,46,796/-] | 28/17, 31.3.17 29/17, 31.3.17 | വിനിയോഗ വിവരം ലഭ്യമല്ല. |
| | ആകെ | | 21,05,000/- | | |

പ്രവൃത്തി വിവിധ ഘട്ടങ്ങളിലാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. പൂർത്തീകരണത്തിന്റെ അഭാവത്താൽ 21,05,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-2 മരുന്ന് വാങ്ങൽ പദ്ധതി --മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. നിർവഹണം- മെഡിക്കൽ ഓഫീസർ,ആയുർവേദം

2016-17 ൽ മരുന്ന് വാങ്ങൽ പദ്ധതിയിൽ 5,00,000/- രൂപ ബിൽ നം.1/16-17 തീയതി 22.12.16 പ്രകാരം ഔഷധിക്ക്

നല്കിയിട്ടുണ്ട്. എന്നാൽ 13.1.17, 31.3.17 തീയതികളിലായി ആകെ 2,04,511/-രൂപയുടെ മരുന്നുകൾ മാത്രമാണ് ഇതുവരെ ലഭിച്ചിട്ടുള്ളത്. ബാക്കി 2,95,489/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ തുടർന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല എന്നും മുൻ വർഷങ്ങളിലെ ഓഡിറ്റ് പരാമർശം ഔഷധിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കാലതാമസം മനപൂർവ്വമല്ല എന്നും, അസംസ്കൃത വസ്തുക്കൾ ലഭ്യമായി മരുന്നുകൾ ഉണ്ടാക്കി എടുക്കുന്നതിൽ താമസം നേരിടുന്നതായും, തുടർന്ന് മരുന്നുകൾ യഥാസമയം ലഭ്യമാക്കുമെന്നും ഔഷധി അറിയിച്ചിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചു. 2,95,489/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-3 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്ന് ലഭ്യമായിട്ടില്ല.

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (S0035/17) പദ്ധതിയിൽ 1,50,000/- രൂപ സെക്രട്ടറി മുഖേന (ബിൽ നം.15/17, തീയതി. 22.12.16) ഹോംകോ മാനേജിംഗ് ഡയറക്ടർക്ക് നല്കിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഇതു വരെ ലഭിച്ചിട്ടില്ല എന്ന് എൻ.ആർ.എച്ച്.എം. ഹോമിയോ ഡോക്ടർ അറിയിച്ചു. മരുന്നുകൾ ലഭ്യമാകുന്നതു വരെ 1,50,000/- രൂപയുടെ ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-4 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ വിതരണം-രേഖകൾ ഹാജരാക്കിയില്ല.

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നടപ്പിലാക്കിയ 'മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ വിതരണം' (പ്രോജക്റ്റ് നം. 34/17) പദ്ധതിക്കായി 7 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. (അലോട്ട്മെന്റ് നം. 81600078, തീയതി-18.3.17) എന്നാൽ ചെലവുമായി ബന്ധപ്പെട്ട യാതൊരു രേഖകളും ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് ഡിജിറ്റൽ സാമ്പത്തിക സാക്ഷരതയിൽ പരിശീലനം--തുക അടച്ചെങ്കിലും പരിശീലനം നടന്നിട്ടില്ല.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് ഡിജിറ്റൽ സാമ്പത്തിക സാക്ഷരതയിൽ പരിശീലനം നല്കുന്നതിനായി രണ്ടു ദിവസത്തെ പരിപാടിക്ക് ഒരു തദ്ദേശ സ്ഥാപനത്തിൽ നിന്നും 15 പേരെ നാമനിർദ്ദേശം ചെയ്യാനും പരിശീലന ഫീസായി 30,000/- രൂപയും സർക്കാർ സേവനങ്ങൾക്ക് 15% സർവീസ് ടാക്സ് നല്കേണ്ടതിനാൽ 4500/-രൂപയും ചേർത്ത് 34500/- രൂപ നല്കണമെന്ന് GO (Rt) 335/2017/LSGD സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡിഡി നം. 070183/30.3.17 പ്രകാരം ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ- ന് അനുവദിച്ചിട്ടുണ്ട്. പരിശീലനം സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടതിന് ഇതുവരെ സ്റ്റേറ്റ് റിസോഴ്സ് സെന്ററിൽ നിന്നും പരിശീലനം സംബന്ധിച്ച അറിയിപ്പ് ലഭിച്ചിട്ടില്ലെന്നാണ് സെക്രട്ടറി അറിയിച്ചത്. പരിശീലനം ലഭ്യമാക്കുന്ന മുറയ്ക്ക് വിശദാംശം അറിയിക്കേണ്ടതാണ്. 34500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 തൊഴിലുറപ്പ് പദ്ധതി--മെറ്റീരിയൽ വർക്ക് -ആദായ നികുതി ഈടാക്കിയിട്ടില്ല.

2016-17 ൽ മെറ്റീരിയൽ സപ്ലൈ ആവശ്യമുള്ള 23 റോഡ് കോൺക്രീറ്റിംഗ് വർക്കുകളാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയത്. ശ്രീ. മഹേഷ് കുരുവിള, ശ്രീ. രാജീവൻ എന്നീ രണ്ടു കരാറുകാരാണ് ഈ പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയൽ എസ്റ്റിമേറ്റ് നിരക്കിൽ വിതരണം ചെയ്യാമെന്ന് സെക്രട്ടറിയുമായി തീയതി രേഖപ്പെടുത്താതെ കരാർ വച്ചിരിക്കുന്നത്. ഇതിൽ ശ്രീ. മഹേഷ് കുരുവിള 15 പ്രവൃത്തികൾക്ക് സാധനങ്ങൾ വിതരണം ചെയ്ത ഇനത്തിൽ 2693139/- രൂപ കൈപ്പറ്റിയിട്ടുണ്ട്. 30,000/- രൂപയ്ക്ക് മുകളിലുള്ള ബിൽ തുക നൽകുമ്പോൾ കരാറുകാരനിൽ നിന്നും 1% ആദായ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ശ്രീ. മഹേഷ് കുരുവിളയിൽ നിന്നും ടിയിനത്തിൽ 26931/- രൂപ ഈടാക്കിയിട്ടില്ല. ടി തുക ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നല്കിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.രാജീവൻ കൈപ്പറ്റിയ 1804074/- രൂപയുടെ ആദായനികുതി 18040/- രൂപ രസീത് നം. 117010100557/15.6.17 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടച്ചു. ഇത്

തനത്ഫണ്ടിൽ നിന്നും ആദായനികുതി വകുപ്പിലേക്ക് ഒടുക്കേണ്ടതാണ്.

## 3-7 ബയോഗ്യാസ് പദ്ധതി-ശുചിത്വമിഷൻ ഫണ്ട് ലഭ്യമായിട്ടില്ല.

S0024/17 പദ്ധതിയിൽ വീടുകളിൽ 0.75$m^3$ അളവിലുള്ള ബയോഗ്യാസ് സ്ഥാപിക്കുന്നതിനായി 1,00,000/- രൂപ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, കാട്ടൂർ എന്ന സ്ഥാപനത്തിന് അഡ്വാൻസ് ആയി (ബിൽ നം.22/17 തീയതി. 31.3.17) നല്കിയിട്ടുണ്ട്. 0.75$m^3$ അളവിലുള്ള 170 എണ്ണം ഒരു യൂണിറ്റിന് 10000/- രൂപ നിരക്കിൽ സ്ഥാപിക്കുന്നതിനാണ് ശുചിത്വമിഷൻ അംഗീകാരം നല്കിയിട്ടുള്ളത്. 53 ഗുണഭോക്താക്കൾ നിലവിൽ കരാർ വച്ച് ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. 50% തുക സർക്കാർ വിഹിതം, 25% തദ്ദേശ സ്ഥാപനം, 25% ഗുണഭോക്തൃ വിഹിതം എന്നിങ്ങനെയാണ് പദ്ധതിക്കായി വകയിരുത്തേണ്ടത്. നിലവിൽ 13 യൂണിറ്റുകൾ സ്ഥാപനം സ്ഥാപിച്ച് നല്കിയിട്ടുണ്ടെന്ന് വി.ഇ.ഒ എൻക്വയറി നം. 14 ന് മറുപടി ലഭ്യമാക്കിയതോടൊപ്പം മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കി. 13 യൂണിറ്റിന് വികസനഫണ്ട് 25% പ്രകാരം 32500/- രൂപ അനുവദിച്ചാൽ മതിയെന്നിരിക്കെ വികസനഫണ്ടിൽ നിന്ന് 1,00,000/- രൂപ അഡ്വാൻസ് നല്കിയിട്ടുണ്ട്. കൂടാതെ 53 ഗുണഭോക്താക്കളുടെ ഗുണഭോക്തൃ വിഹിതം 1,32,500/- രൂപ പഞ്ചായത്ത് അക്കൗണ്ടിൽ ഉണ്ട്. 50% തുക സർക്കാർ വിഹിതം കൂടി ലഭ്യമാക്കി നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് സ്ഥാപനത്തിന് മേൽ പരാമർശിച്ച വിധം ഫണ്ടുകളിൽ നിന്നും ആനുപാതിക ചെലവ് തുക നല്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ഒ.ഡി.എഫ്. പദ്ധതി-വികസനഫണ്ട് 3,53,760/- രൂപ ക്രമീകരിക്കാൻ ശേഷിക്കുന്നു.

2016-17 ൽ നടപ്പാക്കിയ ഒ.ഡി.എഫ്. പദ്ധതിയിൽ 134 ഗുണഭോക്താക്കൾക്ക് 15400/- രൂപ പ്രകാരം വികസനഫണ്ട് ചെലവഴിച്ചാണ് പദ്ധതി പൂർത്തിയാക്കിയത്. ഇതിൽ 12000/- രൂപ പ്രകാരം 16,08,000/- രൂപ കേന്ദ്രവിഹിതമായി തദ്ദേശ സ്ഥാപനത്തിന് തിരികെ ലഭിക്കുന്നതാണ്. നിലവിൽ 12,54,240/- രൂപ കേന്ദ്രവിഹിതം ലഭിച്ചിട്ടുണ്ട്. ബാക്കി 3,53,760/-രൂപ കേന്ദ്രവിഹിതം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും വികസനഫണ്ടിൽ ക്രമീകരിച്ച് ഉത്തരവുകൾക്കനുസൃതമായി പുതിയ പദ്ധതികൾ അംഗീകാരം വാങ്ങി നടപ്പാക്കേണ്ടതുമാണ്.

## 3-9 വാട്ടർചാർജ് കുടിശ്ശിക അടവാക്കൽ-- തദ്ദേശ സ്ഥാപനത്തിന് വൻ ബാധ്യത -പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ പിന്നിലാക്കുന്നു

2016-17 ൽ S0036/17 പദ്ധതി പ്രകാരം പൊതു ടാപ്പുകളുടെ വാട്ടർചാർജ് കുടിശ്ശിക ഇനത്തിൽ 29,81,000/- രൂപ (ബിൽ നം. 24/17/28.3.17) വാട്ടർ അതോറിറ്റിക്ക് നല്കിയിട്ടുണ്ട്. 571 ടാപ്പുകളുടെ കുടിശ്ശിക ചാർജും 2% ഫൈനും ഉൾപ്പെടെയുള്ള തുകയാണ് ഇത്. ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് എൻക്വയറി നല്കിയതിന് സംയുക്ത പരിശോധന നടത്താൻ പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടും വാട്ടർ അതോറിറ്റി തയ്യാറായിട്ടില്ല എന്നും പ്രവർത്തനരഹിതമായ ടാപ്പുകൾ റദ്ദ് ചെയ്യാൻ 2017-18 ൽ പദ്ധതി അംഗീകാരം വാങ്ങിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

2013 ജൂൺ വരെയുള്ള കുടിശ്ശിക തുക 87,85,236/-രൂപ പൂർണ്ണമായും പഞ്ചായത്ത് അടച്ചതാണ്. തുടർന്ന് പ്രതിമാസ വാട്ടർ ചാർജ് യഥാസമയം അടച്ചിരുന്നെങ്കിൽ ഇപ്രകാരം ഒരു വൻ ബാധ്യത സംഭവിക്കില്ലായിരുന്നു. 3/17 ലെ കുടിശ്ശിക തുക 74,59,473/- രൂപയാണ്. ഇതിൽ 1,38,791/- രൂപ ഫൈൻ ഇനത്തിലാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി തദ്ദേശ സ്ഥാപനം ഗാർഹിക കണക്ഷൻ പദ്ധതി നടപ്പാക്കി വരുന്നുണ്ട്.15-16 ൽ 315 എണ്ണവും 16-17ൽ 177 എണ്ണവും ഗാർഹിക കണക്ഷൻ നല്കിയിട്ടുണ്ട്.ഓരോ വാർഡ് കേന്ദ്രീകരിച്ച് ഗാർഹിക കണക്ഷൻ പദ്ധതി പൂർണ്ണമായി നടപ്പാക്കി പൊതു ടാപ്പുകളുടെ എണ്ണം കുറയ്ക്കാവുന്നതും പ്രവർത്തന രഹിതമായ ടാപ്പുകൾ റദ്ദ് ചെയ്ത് വാട്ടർ ചാർജിനത്തിലുള്ള ചെലവ് കുറയ്ക്കേണ്ടതുമാണ്.

## 3-10 മൃഗാശുപത്രിയുടെ വാടക - രേഖകൾ ഹാജരാക്കിയിട്ടില്ല

ചെക്ക് നം. 7077/6.3.17 - 42669/-

ഗ്രാമ പഞ്ചായത്ത് മൃഗാശുപത്രി കെട്ടിടത്തിന്റെ 1.3.2016 മുതൽ 31.1.2017 വരെയുള്ള കാലയളവിലെ വാടക

ഇനത്തിൽ 42669/- രൂപ (11മാസം @3879/-) തനത് ഫണ്ടിൽ നിന്നും സീനിയർ വെറ്ററിനറി സർജന് നൽകിയിട്ടുണ്ട്. ഹാജരാക്കിയ ഫയലിൽ കെട്ടിട ഉടമയായ ശ്രീമതി. അന്നമ്മ ഫിലിപ്പോസുമായി ചമച്ചിട്ടുള്ള കരാറിന്റെ കാലാവധി 20.9.2013 ൽ പൂർത്തിയായിട്ടുള്ളതായി കാണുന്നു. കരാർ പുതുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ നിന്നും കെട്ടിടത്തിന്റെ വാടക നിശ്ചയിച്ച് നൽകിയതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. തുക സീനിയർ വെറ്ററിനറി സർജൻ കൈപ്പറ്റിയതിന്റെ രസീതാണ് ഹാജരാക്കിയിട്ടുള്ളത്. വാടക, കെട്ടിട ഉടമസ്ഥന് നൽകിയതിന്റെ കൈപ്പറ്റ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രസ്തുത രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/15.6.2017) മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 ആശ്രയ പദ്ധതി -ലക്ഷ്യം കാണുന്നില്ല.

ആശ്രയ പദ്ധതിയിൽ പരിഷ്കരിച്ച ലിസ്റ്റ് പ്രകാരം 13 ഗുണഭോക്താക്കൾക്ക് സ്ഥലവും വീടും 20 പേർക്ക് വീടും ആവശ്യമുണ്ട്. 2016-17 ൽ ആശ്രയ ഗുണഭോക്താക്കളിൽ ഒരാൾക്ക് മാത്രമാണ് ഭവന നിർമ്മാണത്തിന് ആനുകൂല്യം നല്കിയത്. സ്പോൺസർഷിപ്പിലൂടെയും സന്നദ്ധസംഘടനകൾ മുഖേനയും പരമാവധി സേവനം ഇവർക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം വരും വർഷങ്ങളിൽ കൂടുതൽ ഫണ്ട് വകയിരുത്തി അഗതി ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 ഇ.എം.എസ് ഭവനപദ്ധതി--- ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം വി.ഇ.ഒ യുടെ അക്കൗണ്ടിൽ ശേഷിക്കുന്നു.

ഇ.എം.എസ് ഭവനപദ്ധതിയിൽ 2009-10 ൽ കരാർ വച്ച 221 ഗുണഭോക്താക്കളിൽ 7 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാൻ നിലവിൽ ശേഷിക്കുന്നു. ഭവന നിർമ്മാണം പൂർത്തിയാക്കിച്ച് ഇവർക്ക് നല്കേണ്ട തുക അടിയന്തിരമായി വിതരണം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കി ഒടുക്കേണ്ടതാണ്.

7 ഗുണഭോക്താക്കൾക്ക് ആകെ നല്കേണ്ട 67500/- രൂപ കിഴിച്ച് വി.ഇ.ഒ. യുടെ അക്കൗണ്ടിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതമായി 3,67,092/- രൂപ ശേഷിക്കുന്നു. (പലിശ ലഭിച്ചിട്ടില്ല.) ലോൺ തുകയും 3/17 ൽ പൂർണ്ണമായും തിരിച്ചടച്ച സാഹചര്യത്തിൽ സർക്കാർ അനുമതി ലഭ്യമാക്കി ശേഷിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടിയന്തിരമായി തിരിച്ചടച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-13 പൂരകപോഷകാഹാര പദ്ധതി--കേന്ദ്രവിഹിതം 5.29 ലക്ഷം തനത്ഫണ്ടിൽ ശേഷിക്കുന്നു.

2016-17 ൽ പൂരകപോഷകാഹാര പദ്ധതിക്കായി ലഭിച്ച 10,93,816/- രൂപയിൽ 5,29,859/- രൂപ ചെലവഴിക്കാതെ തനത്ഫണ്ട് അക്കൗണ്ടിൽ ശേഷിക്കുന്നു. പൂരകപോഷകാഹാര പദ്ധതിക്ക് മതിയായ ഫണ്ട് ലഭ്യമാകുന്ന സാഹചര്യമാണെങ്കിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അംഗൻവാടികൾക്ക് ചെലവഴിക്കാതെ കിടക്കുന്ന കേന്ദ്ര സഹായം ഉപയോഗിക്കാമെന്ന് 3.9.10 ലെ 39033/DD2/2010 തസ്വഭവ ഉത്തരവ് പ്രകാരം അനുമതി ഉണ്ട്. 9 അംഗൻവാടികൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാൻ ഭരണസമിതിയ്ക്ക് ശുപാർശ ചെയ്യുന്നു.

## 3-14 പണമിടപാടുകൾ നടത്താതെ ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രിയമായി തുടരുന്നു

ഗ്രാമ പഞ്ചായത്തിന്റെ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളിൽ വളരെക്കാലമായി യാതൊരു വിധ പണമിടപാടുകളും നടത്താതെ നിർജ്ജീവമായി കിടക്കുന്നു. ടി അക്കൗണ്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നം. | 31.3.2017 ലെ നീക്കിയിരുപ്പ് | പരാമർശം |
|---|---|---|---|---|
| 1 | ഐ.ഒ.ബി, | 196701000005300 | 56874 | തനത് ഫണ്ട് അക്കൗണ്ട്. 20.1.15 ന |

| | | | | |
|---|---|---|---|---|
| | പുന്നപ്ര | | | ശേഷം പണമിടപാടുകളില്ല. പലിശ വരവ് മാത്രം. |
| 2 | എസ്.ബി.ടി, പുന്നപ്ര | 67002880938 | 3066 | ദുരിതാശ്വാസ നിധി. 23.9.06ന ശേഷം നിഷ് ക്രീയം. |
| 3 | എസ്.ബി.ടി, പുന്നപ്ര | 67004617331 | 411698 | ജീവധാര അക്കൗണ്ട്. 1.3.11 ന ശേഷം പണമിടപാടുകളില്ല. പലിശ വരവ് മാത്രം. |
| 4 | എസ്.ബി.ടി, പുന്നപ്ര | 57036517254 | 600600 | സാനിട്ടേഷൻ അക്കൗണ്ട്. 31.7.15 ന ശേഷം പണമിടപാടുകളില്ല. പലിശ വരവ് മാത്രം. |

ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ 9/2006 ന ശേഷം നടന്നിട്ടുള്ളതായി കാണുന്നില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/6.6.2017) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ പ്രസ്തുത വിവരങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിൽ ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

വർഷങ്ങളായി പണമിടപാടുകൾ നടത്താത്ത മറ്റ് ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രിയമായി തുടരുന്നതിനാൽ അവ ക്ലോസ്സ് ചെയ്ത് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-15 ഓഡിറ്റ് ഇംപാക്ട്

1. വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റിൽ പരാമർശിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയം നടത്തി കെട്ടിട ഉടമകൾക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ട്. ഇതിലുൾപ്പെട്ട കാർമ്മൽ പോളിടെക്നിക്കിന്റെ ഉടമസ്ഥതയിലുള്ള II/561നമ്പർ കെട്ടിടത്തിന് ഡിമാന്റ് നോട്ടീസ് നൽകിയതിനെ തുടർന്ന് 60950/- രൂപ 13.6.2017 ൽ ഒടുക്കിയിട്ടുണ്ട്. (ഖ-2(4)കാണുക)
2. മാർ ഗ്രിഗോറിയസ് കോളേജിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കാത്തതിനെ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് പഞ്ചായത്ത് അധികൃതർ സ്ഥാപനവുമായി ബന്ധപ്പെടുകയും ജീവനക്കാരുടെ ഒരു അർദ്ധവർഷത്തെ തൊഴിൽ നികുതിയായ 8400/- രൂപ 15.04.2017 ന് 117010100564-ാം നമ്പർ രസീതു പ്രകാരം ഒടുക്കുകയും ചെയ്തിട്ടുണ്ട്.
3. ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയ്ക്കായി മെറ്റീരിയൽസ് വിതരണം ചെയ്ത കരാറുകാരിൽ നിന്നും നിയമാനുസൃത ആദായ നികുതി ഈടാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 18040/- രൂപ കരാറുകാരനായ ശ്രീ. രാജീവൻ 15.6.17 ൽ ഒടുക്കിയിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2016-17 വാർഷിക കണക്കിലെ RP(43) പത്രിക പ്രകാരം നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ കുടിശ്ശികയായി 749276/- രൂപ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മുൻ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള B(15) പത്രികയിൽ ടി ഇനത്തിൽ കുടിശ്ശിക ലഭിക്കുവാനുള്ളതായി രേഖപ്പെടുത്തിയിട്ടില്ല.
2. കെട്ടിട നികുതിയിനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാൻഡ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ

സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.(ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.)

3. തൻവർഷം ഡിപ്പോസിറ്റ് വർക്കുകൾക്കായി 1380000/- രൂപ ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ വാർഷിക കണക്ക് B(18) പത്രികയിൽ 1060000/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.
4. ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസ്സിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.
5. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/തസ്വഭവ തീ:26.07.2011) നടപ്പാക്കിയിട്ടില്ല.

അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനങ്ങൾ | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1. | ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 223090 | സാന്ത്വന പരിചരണം | 223090 | -- |
| 2. | ജില്ലാ പഞ്ചായത്ത് | 2016-17 | 530000 | ഇലക്ട്രിക്ക് ലൈൻ ദീർഘിപ്പിക്കൽ | 530000 | -- |

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക്/ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ | 1514562/31.3.17<br>26/31.3.17 | 530000<br>530000 | – | 1060000 |
| | | 32,33/31.3.17 | 320000 | – | 320000 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ സ്ഥാപിക്കൽ | 28,29/31.3.17 | 725000 | – | 725000 |

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 747/2010 /05.03.10 | 11848500 | 2805436 | 2805436 | – | -- |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5582/- രൂപയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| റിപ്പോർട്ട്/വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രസീത് നം. തീയതി. |
|---|---|---|---|---|
| 2008-09 | 3-8 | 5582 | ശ്രീമതി. തനൂജ. കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11601100823/14.6/16 |
| ആകെ | | 5582 | | |

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 52116106 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 44120416 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 90235 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 445489 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2882169 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1-എ | 18245 | | ശ്രീ.കെ.എൻ.വിമൽകുമാർ, സെക്രട്ടറി |
| 2-1-ബി | 247 | | |
| 2-1-2 | 25929 | | |
| 2-1-3 | 21520 | | |
| 2-1-4 | 21294 | | |
| 2-3 | 3000 | | |
| 3-2 | | 295489 | ഡോ. എസ്. ഷീബ, മെഡിക്കൽ ഓഫീസർ, (ആയുർവേദം) |
| 3-3 | | 150000 | ശ്രീ. പി. ജി. പ്രകാശൻ, സെക്രട്ടറി |
| ആകെ | 90235 | 445489 | |

*ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 2105000 | ശ്രീ. കെ. എൻ. വിമൽകുമാർ, സെക്രട്ടറി |
| 3-4 | 700000 | ശ്രീ. വി. പ്രശാന്തൻ, ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ |
| 3-5 | 34500 | ശ്രീ. കെ. എൻ. വിമൽകുമാർ, സെക്രട്ടറി |
| 3-10 | 42669 | ശ്രീ. കെ. എൻ. വിമൽകുമാർ, സെക്രട്ടറി |
| ആകെ | 2882169 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-6 26931/- രൂപ ആദായ നികുതി – ശ്രീ.കെ.എൻ.വിമൽകുമാർ, സെക്രട്ടറി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്നസമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.ജി.പ്രകാശൻ, സെക്രട്ടറി | | സൗപർണ്ണിക,<br>കലവൂർ.പി.ഒ, ആലപ്പുഴ |
| ശ്രീ.കെ.എൻ.വിമൽകുമാർ | സെക്രട്ടറി,<br>പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് | കുന്നപ്പള്ളി,<br>പുന്നപ്ര നോർത്ത്.പി.ഒ,<br>പറവൂർ, ആലപ്പുഴ |
| ഡോ.എസ്.ഷീബ,<br>മെഡിക്കൽ ഓഫീസർ (ആയുർവേദം) | ചീഫ് മെഡിക്കൽ ഓഫീസർ,<br>ഗവ. ആയുർവേദ ആശുപത്രി,<br>പുന്നപ്ര. പി. ഒ | സ്രാമ്പിക്കൽ മഠം,<br>ചിങ്ങോലി.പി.ഒ,<br>ഹരിപ്പാട്-690532 |
| ശ്രീ.വി.പ്രശാന്തൻ,<br>ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ | അസിസ്റ്റന്റ് എക്സ്റ്റൻഷൻ ഓഫീസർ,<br>മത്സ്യഫെഡ്, പുന്നപ്ര | പുത്തൻപുരയിൽ,<br>ചിങ്ങോലി.പി.ഒ, ഹരിപ്പാട് |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 2002-03 | എൽ.എഫ്.ജി.എ5-1832/2011/20.1.12<br>(ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത്) |
| 2003-04 | |
| 2004-05 | |
| 2005-06 | എൽ.എഫ്.ജി.എ5-1832/2011/20.1.12 |
| 2006-07 | എൽ.എഫ്.എ.പി.9/109/2008/18.11.08 |
| 2007-08 | എൽ.എഫ്.എ.പി.8/1760/2011/14.7.12 |
| 2008-09 | എൽ.എഫ്.എ.പി.8/1760/2011/14.7.12 |
| 2009-10 | എൽ.എഫ്.എ.പി.8/1758/2011/8.8.12 |
| 2010-11, 11-12 | എൽ.എഫ്.എ.പി.8/251/2013/26.16.13 |
| 2012-13 | എൽ.എഫ്.എ.പി.8/318/2015/4.8.15 |
| 2013-14, 14-15 | കെ.എസ്.എ.എ.എൽ.പി-പി8/61/16/20.1.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി-പി8/38/17/20.1.17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

## അനുബന്ധം

നം. കെ.എസ്.എ-എ.എൽ.പി-പി8-748/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി. 19.06.2017

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 4 ഖണ്ഡിക 1ൽ കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

*Annexure*

No. KSA-ALP-P8- 748/17

Kerala State Audit Department,

District Audit Office, Alappuzha.

Date: 19.06.2017

### *AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Punnapra South Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Punnapra South Grama panchayat for the year 2016-17 except the observations in part 4-1 of the audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha